(ബി) ഇത്തരത്തിലുള്ള മരണം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പോഷകാഹാരം നൽകുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോഷകാഹാര കുറവ് മൂലം ആദിവാസി വിഭാഗത്തിൽപ്പെട്ട അമ്മമാർ മരണപ്പെട്ടതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടത്തിയിട്ടുണ്ട്. പോഷകാഹാര കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമൂഹ്യ ക്ഷേമവകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, ശലഭപദ്ധതി, അമൃതം ന്യൂട്രിമിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതകജനനീ കമ്പ്യൂട്ടർവത്കൃത സോഫ്റ്റ് വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രിഷൻ പദ്ധതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. SAM/ MAM കുട്ടികളുടെ NRC യിലേയ്ക്ക് യഥാസമയം കൊണ്ടുപോയി വരുന്നതിന് പട്ടികവർഗ്ഗവികസന വകുപ്പ് യാത്രാചെലവ് നൽകിവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് APL/BPL ഭേദമന്യേ 18 മാസക്കാലം പ്രതിമാസം 1,000 രൂപാ സമാശ്വാസ ധനസഹായമായി നൽകുന്ന ജനനീ ജന്മ രക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്നു. വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ യൂണിറ്റുകളുടെ സേവനം തൃപ്തികരമായ നിലയിൽ ലഭ്യമാക്കുന്നുണ്ട്.

ആദിവാസി ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

198 (4782) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും കാർഷികവികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി വിഭാഗങ്ങൾക്ക് അനുവദിച്ച ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ ഇത്തരത്തിൽ എത്ര ഭവനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ; ആയതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സൊസൈറ്റികൾ രൂപീകരിച്ച് ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടം നിർമ്മിച്ച നൽകേണ്ട സ്ഥലങ്ങളുടെ ദുർഘടസ്ഥിതി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദുർലഭ്യം, വിദഗ്ദ്ധമായ കൈത്തൊഴിലാളികളുടെ അഭാവം എന്നിവയാണ് ഭവന നിർമ്മാണ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിന് കാരണമാകുന്നത്.

(ബി) വയനാട് ജില്ലയിൽ ഇത്തരത്തിൽ ആകെ 1089 ഭവനങ്ങൾ ഉണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

സുൽത്താൻബത്തേരി	-	490
മാനന്തവാടി	-	175
കൽപ്പറ്റ	-	424

(സി) ഉണ്ട്. വയനാട് ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും പട്ടികവർഗ്ഗ ഭവന നിർമ്മാണ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആയത് മുഖാന്തിരം നിർമ്മാണ പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ചേലക്കര മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ

199 (4783) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവിദ്യാഭ്യാസവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്ന് പറയാമോ ;

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ വീതം ഉണ്ടെന്ന് പറയാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ കോളനികളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അതിന് വിനിയോഗിച്ചതുക എത്രയാണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly